(ബി&സി) ഈ സംഭവത്തിൽ വാദിയും പ്രതികളും പട്ടികജാതിയിൽ പെടുന്നവരാകയാൽ അതിക്രമം തടയൽ നിയമ പ്രകാരം കേസ് എടുക്കുവാൻ സാധിക്കുകയില്ല. എന്നാൽ ഇൻഡ്യൻ പീനൽകോഡ് സെക്ഷൻ 341, 1323, 324, 354, 427, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 74/03 നമ്പരായി കൊടുമൺ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം 31-5-2003 വരെ ഈ നിയമ പ്രകാരം 1042 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഈ യുവതിക്ക് അതിക്രമങ്ങൾ തടയൽ നിയമപ്രകാരം ആനുകൂല്യങ്ങൾ നൽകുവാൻ നിർവ്വാഹമില്ല. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 15,000 രൂപ (പതിനായിരം രൂപ) ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

മിശ്രവിവാഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവർക്ക് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ

76 (4017) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മിശ്രവിവാഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഉദ്യോഗ സംവരണ ആനുകൂല്യങ്ങളും നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം കുടുംബങ്ങളിൽ പെട്ടവരുടെ കുട്ടികൾക്ക് അർഹമായ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഉദ്യോഗ സംവരണ ആനുകൂല്യങ്ങളും നിഷേധിക്കുന്നതായുള്ള എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) മിശ്രവിവാഹിതരായ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കുട്ടികൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മിശ്രവിവാഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിൽ പെട്ടവർക്ക് 10,000 രൂപയുടെ ധനസഹായം സ്വയം തൊഴിൽ ചെയ്യുന്നതിനോ വീട് വയ്ക്കുന്നതിനോ സ്ഥലം വാങ്ങുന്നതിനോ ആയി അനുവദിക്കുന്നുണ്ട്.

(ബി) മിശ്ര വിവാഹ ദമ്പതികളിൽ ഒരാൾ പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്നതാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് പട്ടിക വിഭാഗത്തിന് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്കും ഉദ്യോഗ സംവരണത്തിനും അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരാതി ലഭിച്ചിട്ടുണ്ട്. ഇതിൻമേൽ നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വികരിക്കുന്നതാണ്.

മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശനം ലിസ്റ്റിൽ യോഗ്യത നേടിയിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

77 (4018) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്രാവശ്യത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന ലിസ്റ്റിൽ മെറിറ്റ് അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ യോഗ്യത നേടിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറയാൻ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ നിന്നും എഞ്ചിനീയറിംഗ് ഏഴും മെഡിസിന് അഞ്ചും വിദ്യാർത്ഥികൾ മെറിറ്റ് അടിസ്ഥാനത്തിൽ ഈ വർഷം അലോട്ട്മെന്റ് സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഇതുവരെ ഈ കോഴ്സുകൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ആരും യോഗ്യത നേടിയിട്ടില്ല. അഡ്മിഷൻ 2003 ജൂലൈ 23, 24, 25 തീയതികളിൽ നിശ്ചയിച്ചിരുന്നതിനാൽ പ്രവേശനം നേടുന്നവരുടെ എണ്ണം അതിനുശേഷം മാത്രമേ കൃത്യമായി അറിയുവാൻ കഴിയുകയുള്ളൂ.

(ബി) 2001-നെ അപേക്ഷിച്ച് 2002-ൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെറിറ്റ് വിഭാഗത്തിലെ പ്രാതിനിധ്യം കുറഞ്ഞതായി കാണുന്നില്ല. 2001-ൽ പട്ടികജാതിയിൽപ്പെട്ട 178 പേർക്ക് മെറിറ്റ് വിഭാഗത്തിൽ എഞ്ചിനീയറിംഗിന് പ്രവേശനം ലഭിച്ചപ്പോൾ 2002-ൽ ഇത് 297 ആയി വർദ്ധിച്ചു. മെഡിക്കൽ വിഭാഗത്തിൽ പട്ടികജാതിയിൽപ്പെട്ട 3 പേർക്ക് 2001-ൽ മെറിറ്റിൽ പ്രവേശനം ലഭിച്ചപ്പോൾ 2002-ൽ ഇത് 37 ആയി വർദ്ധിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിൽ എഞ്ചിനീയറിംഗിന് 2001-ലും 2002-ലും മെറിറ്റിൽ 7 പേർക്ക് വീതം പ്രവേശനം ലഭിച്ചിട്ടുണ്ട്. 2003-ലെ പ്രവേശനം പൂർത്തിയാക്കുന്ന സാഹചര്യങ്ങൾ പ്രാതിനിധ്യം വിലയിരുത്താൻ സമയമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly